**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6552** **11-07-2024 - ൽ മറുപടിയ്ക്ക്**

**വണ്ടിപ്പെരിയാർ -മ്ലാമല- തേങ്ങാക്കൽ -ഏലപ്പാറ റോഡിൻറെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വണ്ടിപ്പെരിയാർ-മ്ലാമല-തേങ്ങാക്കൽ-ഏലപ്പാറ റോഡ് പുനർനിർമ്മിക്കുവാൻ ശബരിമല വികസനവുമായി ബന്ധപ്പെട്ട് അഞ്ചുകോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചതിനുശേഷവും സാങ്കേതിക അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (എ) | വണ്ടിപ്പെരിയാറിൽ നിന്നും ആരംഭിച്ച് പശുമലവഴി മ്ലാമല വരെയുള്ള **10.200** കി.മീ. ദൂരം റോഡിന്റെ പുനർനിർമ്മാണത്തിനായി **5** കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിശോധന പുരോഗമിക്കുന്നു. |
| (ബി) | 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മ്ലാമല മുതൽ ഏലപ്പാറ വരെയുള്ള റോഡ് പുനർനിർമിക്കുവാൻ എട്ടുകോടി രൂപ അനുവദിച്ചതു പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എൻജിനീയർ മുഖേന സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതിന് ഭരണാനുമതി ലഭിക്കുവാൻ നേരിടുന്ന കാലതാമസം ഒഴിവാക്കി ആയത് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | മ്ലാമല മുതൽ ഏലപ്പാറ വരെയുള്ള 9.80 കി.മീ. ദൂരം റോഡ് പുനർ നിർമ്മിക്കുന്നതിനായി 8 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ